**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1558** **19-06-2024 - ൽ മറുപടിയ്ക്ക്**

**റോഡ് വികസനത്തിന് ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൗഡിക്കോണം-മണ്ണന്തല റോഡ് വികസനത്തിനായി ഏറ്റെടുത്ത ഭൂമിയുടെ ഉടമകൾക്ക് നഷ്ടപരിഹാര തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പൗഡിക്കോണം-മണ്ണന്തല റോഡ് വികസനത്തിന്റെ ഭാഗമായി ഉള്ളൂർ, ഉളിയാഴ്ത്തറ വില്ലേജിൽ നിന്നും ഏറ്റെടുത്ത ഭൂമിയുടെ ഉടമകൾക്ക് നഷ്ടപരിഹാരത്തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഉളിയാഴ്ത്തറ വില്ലേജിൽപ്പെട്ട എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും ആയത് ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | ഉളിയാഴ്ത്തറ വില്ലേജിൽ ഉൾപ്പെട്ട 77 ഭൂവുടമകളിൽ നിന്നും സ്ഥലം ഏറ്റെടുത്തിട്ടുള്ളതും നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുള്ളതുമാണ്. ഇനി 431 ഭൂവുടമകളിൽ നിന്നും സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക നല്കാനുണ്ട്. നിലവിൽ എൽ.എ കോസ്റ്റ് ഇനത്തിൽ ലഭ്യമായ 45 കോടി രൂപയുള്ള അവാർഡ് പാസ്സാക്കിയിട്ടുണ്ട്. ബാക്കി 93 കോടി രൂപ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | കാലതാമസം ഒഴിവാക്കി നഷ്ടപരിഹാര തുക അടിയന്തരമായി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | എൽ.എ കോസ്റ്റ് അടിയന്തിരമായി ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ